# CMS HIGH SCHOOL, MUNDIAPPALLY



# PETALS 2019

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾ

തയ്യാറാക്കിയ 'PETALS' എന്ന ഡിജിറ്റൽ

മാഗസിൻ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ

ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

ഇത് കുട്ടികളുടെ ഭാവനയും അതോടൊപ്പം

ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിന്

വളരെയധികം സഹായകരമായി.

ഇതിനു വേണ്ടി ഞങ്ങളെ സഹായിച്ച

ഞങ്ങളുടെ ഹെഡ്മിസ്ട്രസ്സ്പ്രിൻസമ്മ ടീച്ചറോടും

ഞങ്ങൾക്ക് എല്ലാവിധ നിർദ്ദേശങ്ങളും തന്ന കൈറ്റ്

മാസ്റ്ററായ ജോൺസൺ സാറിനോടും കൈറ്റ് മിസ്ട്രസ്സായ

ബീന ടീച്ചറോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

അതോടൊപ്പം തന്നെ ഞങ്ങളുടെ ആദ്യത്തെ

സംരംഭം ഒരു വിജയമാക്കിയ

എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടുമുള്ള

ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊള്ളുന്നു.

ചീഫ് എഡിറ്റർ

# ഇതൾ വിരിയുമ്പോൾ

- പ്രളയം പറയുന്നത്
- IS VIDEO GAME A DANGEROUS PROBLEM TO KIDS?
- തന്ത്രശാലിയായ കച്ചവടക്കാരൻ
- ഭൂമിക്കൊരു ചരമഗീതം(കവിത)
- ഇവിടെ സ്വർഗമാണ്(കവിത)
- എന്നെ ഞാനാക്കി മാറ്റിയ സ്വർഗം(കവിത)
- ജീവനേകിയ ദൈവം(കവിത)
- ഭൂമിയിലെ സ്വർഗം(കവിത)
- ജീവിതം ഒരു വിസ്മയം(കവിത)

# പ്രളയം പറയുന്നത്




കാലാവസ്ഥയുടെ ഉഗ്രരൂപമാണ് നിറഞ്ഞാടുന്നത്. ഈ ശാപഗ്രസ്ഥ ഋതുവിൽനിന്ന് നമുക്കും ഒഴിവാകലില്ല എന്ന് കഴിഞ്ഞ പ്രളയം നമ്മെ ബോധ്യപ്പെടുത്തി.കേരളം പ്രളയത്തിൽനിന്ന് നീന്തിക്കയറി ഉയർന്ന ചൂടിൽ കാലുപൊള്ളി നടക്കുകയാണ്.ജൈവവ്യവസ്ഥയെ പിച്ചിച്ചീന്താൻ ഭരണകൂടവും കോർപ്പറേറ്റുകളും കൈകോർത്തതിന്റെ പരിണിതഫലങ്ങളാണ് പ്രളയവും സൂര്യതാപമൃത്യുവും.കേരളം പ്രളയത്തിലേക്കും അതിതാപനത്തിലേക്കും ആണ്ടുപോയത് സ്വയംകൃതാനർത്ഥത്താലാണ്.

മൃത്യുഗ്രസ്ഥമായ പുഴകൾ നിറഞ്ഞൊഴുകിയും വഴി മാറിയൊഴുകിയും എടുത്ത ജീവനുകൾ ഇന്നും എണ്ണിത്തിട്ടപ്പെടാതെ കിടക്കുകയാണ്.ഭാരതപ്പുഴയിലും കല്ലടയാറ്റിലും എണ്ണമറ്റ അണക്കെട്ടുകൾ നിർമ്മിച്ചത് പുഴയുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തി.പുഴ ഒഴുകാത്തിടങ്ങളിൽ ചെങ്ങണ പുല്ലിന്റെയും മറ്റു സസ്യങ്ങളുടെയും ദുഷ്ടവസന്തവും പുഴകൾ മുറിഞ്ഞതിന്റെ ഭീതിതകാഴ്ചയും കാണാം.ഇങ്ങനെ

അചേതനജലമായി പുഴയിലെ ഒഴുക്കു മാറി, പർവ്വതനിരയുടെ പനിനീരായ പെരിയാറിന്റെ അവസ്ഥയും മറിച്ചല്ല.പനിനീരായി ഒഴുകിത്തുടങ്ങി.ചിലയിടങ്ങളിൽ ജലത്തിന്റെ നിറവ്യത്യാസം,ചിലയിടങ്ങളിൽ പ്ലാസ്റ്റിക് ഒഴുകുന്നത്,മറ്റു ചിലയിടങ്ങളിൽ വ്യവസായ ശാലകളുടെ അഴുക്ക് ചാലിന്റെ പൈപ്പുകളിൽനിന്ന് വീഴുന്ന ജലം നാക്കുപോലെ നീണ്ടുനിൽക്കുന്നതായമറ്റൊരു രൂപവ്യത്യാസവും കാണാം.എന്നാൽ ഇതിന്റെനടുവിലും ചാലക്കുടിപ്പുഴ പ്രതീക്ഷതന്നെയാണ്.മരിക്കാ തെയും മലിനമാകാതെയും ചാലക്കുടിപ്പുഴ ശുദ്ധമായിഇന്നും ഒഴുകുന്നു.കാരണം ഏറിയപങ്കും വനത്തിലൂടെയാണ്.ഇനിയെങ്കിലും ഇത് സംരക്ഷിക്കപ്പെടുകതന്നെവേണം.ജൈവസമ്പത്തിനായും പുഴയ്ക്കായും കാല്പനികവുംകാവ്യാത്മകവുമായും വിലപിക്കാതെ പ്രവർത്തിക്കുവാൻ ആവണം.

**-Abel.K.George**



# Is video game a dangerous problem to kids ?



Video game addiction(VGA) has been suggested in the medical community as a distinct behavioral addiction by excessive or compulsive use of computer games or video games that interferes with a person's everyday life.Video game addiction may present itself as compulsive gaming,social isolation,mood swings,dimnished imagination and hyper-focusing in game achievements,to the exclusion of other events in life.

While Internet gaming disorder is proposed as a disorder,it's unclear how much  this disorder is caused by the gaming activity itself,or whether it is to some extent effect of other disorders.Contradictions in research examining video game addictiveness may reflect more general inconsistecies in video game research.For example,while

some research has linked violent video games with aggressive behavior, otherresearchs has failed to find evidence for such links.

## Causes

Some theorists focus on presumed built-in reward systems of the games to explain their potentially addictive nature.

Many video games,particularly massive multiplayer,online role-playing games and social network and mobile games rely on a 'compulsion loop' or 'core loop'-a cycle of activities that involve rewarding the player and driving them to continue through another cycle, retaining them in the game. The anticipation of such rewards can create a neurological rection that releases dopamine into the body,so that once the reward is obtained,the person will remember it as a pleasurable feeling.In reference to gamers, such as a suicide in China,the head of one softare association stated,"In the hypothetical work created by such games,they becomemore confident and gain satisfaction,which they cannot get in their real work.

## Treatment

Because few clinical trials and no meta-analyses have been completed,research is still in the preliminary stages for excessive gaming treatment.The most effective treatmets seem to be,as with other addictions and dependencies a combination of psychopharmacology, psychotherapyand twelve-step programmes.

Some countries,such as South Korea,China,the Netherlands, Canada,and the United States of America have responded to the precieved threat of Video game addiction by opening treatment centers.



-anand krishnan.V

# തന്ത്രശാലിയായ കച്ചവടക്കാരൻ

ലളിതമായ ഒരു ചിഹ്നത്തിലൂടെ ലോകമെമ്പാടും പരിചിതമായ ഒരു ബ്രാൻഡാണ് നൈക്ക്(NIKE).

സ്പോർട്സ് ഷൂസ് നിർമ്മാണ വിതരണ മേഖലയിൽ ലോകത്ത് ഒന്നാം സ്ഥാനക്കാരായ നൈക്ക് സ്പോർട്സ് അനുബന്ധ ഉപകരണ നിർമ്മാണത്തിലും മുൻനിരയിലാണ്.നൈക്കിന്റെ സഹസ്ഥാപകരിൽ ഒരാളായ ഫിൽ നൈറ്റിന്റെ(PHIL KNIGHT) തന്ത്രപരമായ തീരുമാനങ്ങളാണ് ഒരു ലോകോത്തര ബ്രാൻഡ് സൃഷ്ടിക്കാൻ കാരണമായത്.

ഒറിഗോൺ സർവ്വകലാശാലയിൽ നിന്നും ബിരുദമെടുത്തതിനു ശേഷം സ്റ്റാൻഫോർഡ് ബിസിനസ് സ്കൂളിൽ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദത്തിന് പഠിക്കുന്ന കാലത്താണ് ജപ്പാൻ ഉൽപന്ന

ങ്ങളുടെ ഗുണമേന്മയെക്കുറിച്ച് ഫിൽ നൈറ്റ്
മനസ്സിലാക്കുന്നത്.പഠനകാലത്ത് ഒരു മികച്ച അത്ലീറ്റ്
ആയിരുന്ന ഫിൽ സ്പോർട്സ് ഷൂസ് ബിസിനസ്
ചെയ്യാൻ താൽപര്യപ്പെട്ടു.ഉന്നത നിലവാരമുള്ള
ഉൽപന്നം തേടി ജപ്പാനിലേക്ക് തിരിച്ചു.ജപ്പാനിലെ
പ്രശ

സ്ത ഷൂ നിർമ്മാണ കമ്പനിയായ ഒണിത്സുഗ ടൈഗറിൽ
തന്നെ പരിചയപ്പെടുത്തിയത് അമേരിക്കയിലെ പ്രശസ്ത
മായ സ്പോർട്സ് ഉപകരണ വിതരണ കമ്പനി
ആയ 'ബ്ലൂ റിബൺ സ്പോർട്സ്' പ്രതിനിധി ആയാണ്.
എന്നാൽ അങ്ങനെ ഒരു കമ്പനി ഫിൽനൈറ്റിന്റെ
ഭാവനയിൽ മാത്രമാണുണ്ടായിരുന്നത്.ഫിൽ തന്റെ
വാക്ചാതുര്യത്തിലൂടെ ജപ്പാൻ കമ്പനിയുമായി ഒരു
കരാർ തരപ്പെടുത്തി.

തന്റെ അത്ലീറ്റ് കോച്ചായിരുന്ന ബിൽ ബോവർമാന്
ജപ്പാൻ കമ്പനിയുടെ ഷൂസ്

പരിചയപ്പെടുത്തി.ബോവർമാന് ഷൂസ് ഇഷ്ടപ്പെടുകയും
ഫിൽ നൈറ്റിനൊപ്പം ബിസിനസിൽ പങ്കാളി

ആവുകയും ചെയ്തു.1946-ൽജപ്പാനിൽ നിന്നെത്തിച്ച 1300 ജോടി ഷൂസ് 'ബ്ലൂ റിബൺ സ്പോർട്സ് കമ്പനി'യുടെ പേരിൽ വിറ്റഴിച്ചു.

ജപ്പാനിൽ നിന്നും എത്തിച്ച ഷൂസുകൾ നൈറ്റി ന്റെ കാറിന്റെ ഡിക്കിയിൽ നിറച്ച ഉപഭോക്താക്കളുടെ അടുത്തെത്തിച്ചായിരുന്ന കച്ചവടം.രണ്ടു വർഷങ്ങൾക്കു ശേഷം കാലിഫോർണിയയിലെ സാന്താ മോണിക്കയിൽ ആദ്യത്തെ റീട്ടെയിൽ സ്റ്റോർ ആരംഭിച്ചു.കൂടുതൽ ഉപഭോക്താക്കളെ സൃഷ്ടിക്കാനായി ജോഗിങ്ങിന്റെപ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്ന ഒരു ഗ്രന്ഥം 1996-ൽ ഫിൽ പുറത്തിറക്കി.ഈ ഗ്രന്ഥത്തിന്റെ ദശലക്ഷം കോപ്പികൾ വിറ്റഴിഞ്ഞതോടെ ബ്രാൻഡിന് ആവശ്യക്കാരേറി.മുൻനിര ബ്രാൻഡുകളുമായുള്ളകടുത്ത മൽസരങ്ങൾക്കിടെ സാമ്പത്തിക പ്രതിസന്ധിയും നേരിട്ടു.പണം സ്വരൂപിക്കാനായി അക്കൗണ്ടന്റായും അധ്യാപകനായുമൊക്കെ പണിയെടുത്ത ഫിൽ നൈറ്റ്

മനോവീര്യംകൊണ്ട് പ്രതിസന്ധികളെ അതിജീവിച്ചു.

1971-ൽ ജപ്പാൻ കമ്പനിയുമായുള്ള കരാർ അവസാനിപ്പിക്കേണ്ടി വന്നതോടെയാണ് സ്വന്തം ബ്രാൻഡായ 'നൈക്ക്' തുടങ്ങിയത്. വിജയത്തിന്റെ ഗ്രീക്ക് ദേവതയായ നൈക്കിയുടെ പേര് നിർദ്ദേശിച്ചത് ജീവനക്കാരനായ ജഫ് ജോൺസൺ ആണ്. തന്റെ വിദ്യാർത്ഥിനി ആയിരുന്ന കാരലിൻ ഡേവിഡ്സണിനെക്കൊണ്ട് രൂപകൽപന ചെയ്യിച്ച നൈക്കിന്റെ ലോഗോ ഏറെ ശ്രദ്ധേയമായി. 1984-ൽ ബാസ്കറ്റ്ബോൾ താരം മൈക്കൾ ജോർദഡനുമായുള്ള കരാർ കമ്പനിയുടെ വളർച്ചയിലേക്ക് വഴിയൊരുക്കി. കരാറിലേർപ്പെടുമ്പോൾ ജോർഡൻ ഒരു സുപ്രധാനമായ കളിയിൽ പോലും പങ്കെടുത്തു തുടങ്ങിയിരുന്നില്ല. കാലാനുസൃതമായ പരിഷ്കരണങ്ങളിലൂടെ പുതിയ ഉൽപന്നങ്ങൾ പുറത്തിറക്കിയതു വഴി ഒന്നാം നിരയിലേക്കുയരാൻ നൈക്കിന് കഴിഞ്ഞു. 'ഷൂ ഡോഗ്' എന്ന പേരിൽ

2016-ൽ പുറത്തിറക്കിയ ആത്മകഥയിലൂടെ പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് ഒരു ലോകോത്തര ബ്രാൻഡ് പടുത്തുയർത്തിയ കഥ ഫിൽ വിവരിക്കുന്നു.”മറ്റുള്ളവർക്ക് ഭ്രാന്തമെന്ന് തോന്നിയേക്കാവുന്ന തീരുമാനങ്ങളാണ് ഞാൻ എടുത്തത്.എന്നാൽ എനിക്ക് എന്റെ  സ്വപ്നത്തിലും എന്നിലും വിശ്വാസമുണ്ടായിരുന്നു".ഫിൽ നൈറ്റ് പറയുന്നു.




-THEJUS THOMAS JOHN

# ഭൂമിക്കൊരു ചരമഗീതം



ആസന്നമരണയായ ഭൂമിക്ക് ആത്മശാന്തി നേരുകയാണ് കവി.ഭൂമി മരണത്തോടടുക്കുവാനുള്ള കാരണങ്ങൾ പലതാണ്.അത് ഒരു ബോംബ് സ്ഫോടനമാകാം,മനുഷ്യർ പരസ്പരമുള്ള വിദ്വേഷം കൊണ്ട് വരുത്തിവയ്ക്കുന്ന മറ്റേതെങ്കിലും ഒരു ദുരന്തമാവാം.

എന്താണ് മനുഷ്യൻ ചെയ്യുന്നത്? ഭൂമിമാതാവിന്റെ തിരുഹൃദയരക്തം ഊറ്റിക്കുടിക്കുന്നു.അവിടെ കേൾക്കുന്നത് മൃതിതാളമാണ്.അവർ മാതാവിന്റെ വസ്ത്രം വലിച്ചു ചീന്തുന്നു.ഈ കവിത പരിസ്ഥിതി പ്രശ്നങ്ങളെ എത്രമാത്രം ശക്തിയായി അവതരിപ്പിക്കാമെന്ന തെളിവാണ്.

ഇനിയും മരിക്കാത്ത ഭൂമി!-നിന്നാസന്ന

മൃതിയിൽ നിനക്കാത്മശാന്തി

ഇത് നിന്റെ(എന്റെയും)ചരമശുശ്രൂഷയ്ക്ക്

ഹൃദയത്തിലിന്നേ കുറിച്ച ഗീതം

മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ

നിഴലിൽ നീ നാളെ മരവിക്കേ

ഉയിരറ്റ നിൻമുഖത്തശ്രു ബിന്ദുക്കളാൽ

ഉദകം പകർന്നു വിലപിക്കുവാൻ

ഇവിടെയവശേഷിക്കയില്ലാരു,മീഞാനും

ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു

ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന

മൃതിയിൽ നിനക്കാത്മശാന്തി

പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ

എണ്ണിയാൽ തീരാത്ത,

തങ്ങളിലിണങ്ങാത്ത,

സന്തതികളെ നൊന്തു പെറ്റു.

ഒന്നു മറ്റൊന്നിനെക്കൊന്നു തിന്നുന്നത്

കണ്ണാലെ കണ്ടിട്ടൊരുവനും കാണാതെ

കണ്ണീരൊഴുക്കി നീ നിന്നു.

പിന്നെ,നിന്നെത്തന്നെയല്പാല്പമായിത്തിന്നു

തിന്നവർ തിമിർക്കവേയതും വിലക്കാതെ

നിന്നു നീ സർവസംഹയായ്.

-ഒ.എൻ.വി.കുറുപ്പ്



# ഇവിടെ സ്വർഗ്ഗമാണ്



പൂർണ്ണച്രന്ദികതൻ

പുഞ്ചിരിയെന്നപോൽ

തൂവെണ്മതൂകി തുളുമ്പുമൊരിടമത്

ആഴിതൻ അടിത്തട്ടിലേയ്ക്കാദിത്യനകന്നാലും

മണ്ണിൻ ലീലകൾ നിലയ്ക്കാത്തൊരിടമത്

കട്ടുറുമ്പിൻ കുട്ടിക്കുറുമ്പുപോൽ

ചാരെയോടിയെത്തുവാനൊരാളുണ്ട്

തെന്നലിൻ തഴുകലെന്നപോൽ

സ്നേഹംവാരി തൂകുമൊരമ്മയുമുണ്ട്

തണലേകണമെനക്കെന്നാശയാൽ

കരയതുതു ഞാനൊരുനാളുമെന്നവാശിയാൽ

വെയിൽ കൊള്ളുമൊരാളുമിവിടെയുണ്ട്

ഇവരെല്ലാമൊത്തുചേർന്നൊരിടമത്

നൊന്തുപെറ്റമ്മയെ ആകുലയാക്കിയും
ചോരനീരാക്കിയ അച്ഛനെതള്ളിയും

നീക്കുന്നതെങ്ങോട്ടേക്കു ഞാൻ

അറിയില്ലെനിക്കൊന്നുമേ.......

ജീവിതത്തിൽ പുതുകവാടം തേടിത്താൻ

യാത്രയാകുന്നിതാ പലവഴിയായി

ഒരിക്കലും മാറ്റാത്തൊരുപിടി ശാഠ്യങ്ങളുമായി

വേണ്ടതൊക്കെയും നഷ്ടമാക്കിയതാ.......

കൊന്നും ചതിച്ചുമപഹരിച്ചതാം ധനമൊന്നും
ശാശ്വതമല്ലൊരുനാളുമെന്നറിയുന്നു ഞാൻ

നവബോധത്തിനൊരോർമ്മയായി നീറുന്നു

ഞാൻ,നഷ്ടമാക്കിയതെന്തോ ഞാനെൻ-

-സ്വർഗ്ഗം

- Archana M.S

# എന്നെ ഞാനാക്കി മാറ്റിയ സ്വർഗ്ഗം




എന്നെ ഞാനാക്കി മാറ്റിയ

എനിക്കു ജീവനേകിയ

പിന്നിലൊരോർമ്മതൻ നിറമായി

പിരിഞ്ഞിടും കനൽ

തിരുക്കുടുംബത്തിൻ മാതൃകപോൽ
തുണയായി തണലായി തലോടലായി

പിന്നെ ശാന്തിതൻ കാന്തമാം

പാഠം പഠിപ്പിക്കും എന്നുടെ ഭവനം

ഈ ഭൂവിൻ സ്വർഗ്ഗം

അദ്ധ്വാനമെന്ന മഹത്തരമാം

അറിവിന്റെ ഉന്നത മാർഗ്ഗതിൽ

തന്റെ ജീവിതം നൽകും
വിയർപ്പു തുള്ളിയാൽ

എന്റെ കഞ്ഞിയിൽ ഉപ്പായ്

അലിഞ്ഞിടുന്നപ്പൻ

നന്മയും സ്നേഹവും

നല്ല വാക്കും

നിത്യസൗഭാഗ്യത്തിൻ പാതകളും

നിത്യമാം നിർമല താളം പോലെ

നിലവിളക്കാണെന്നമ്മെന്റെ അമ്മ

എന്നെ നിറമുള്ള സ്വപ്നം
കാണാൻ പഠിപ്പിച്ച്

എന്നിലുത്തരവാദിത്വ-

കരണങ്ങളായി മാറി

എന്റെ ജീവനെ കരുതലിൻ പാഠം


പഠിപ്പിച്ചൊരനിയൻ പിന്നൊരു കുഞ്ഞുപെങ്ങൾ

പള്ളിമണിയുടെ പുളകമണിയും നാദം

പൂജ്യമായി എന്നെ

പഠിപ്പിച്ച് നൽകി

-Betty Shaji



# ജീവനേകിയ ദൈവം



ഇനിയൊരു ജന്മമീ ഭൂമിയിൽ

ലഭിക്കുമോ എന്നു ഞാനാശിച്ചുപോയി

എത്ര മനോഹരമാണീ പ്രപഞ്ചം

ഇതിൻ സൃഷ്ടാവിനെ നമിച്ചിടുന്നേൻ

മാതാപിതാക്കളും ചേട്ടനും ചേച്ചിയും

നല്കിയ സ്നേഹവാത്സ്യങ്ങൾ

മറക്കുവാൻ കഴിയില്ലെനിക്കൊരു ജന്മവും

പിരിയുവാനാവില്ല ഈ ഭൂമിയെ

പുല്ലുകളും പൂക്കളും പുഴകളും ചെടികളും

കൊണ്ടുവർണ്ണാഭമാണെന്റെ ഗ്രാമം

ഓർക്കുന്നു ദൈവത്തിൻ കരവിരുതെന്നും

വാഴ്ത്തി നമിക്കുന്നു മഹോന്നതനെ

വിദ്യയോടൊപ്പം സ്നേഹവാത്സല്യങ്ങ-

ളേകി പഠിപ്പിച്ചുവെൻ ഗുരുഭൂതർ

മാതാ പിതാ ഗുരുദൈവമെന്നോതിയ

ഗുരുഭൂതരെയും നമിച്ചിടുന്നേൻ

തെറ്റുകുറ്റങ്ങൾ ക്ഷമിച്ചു നേർവഴി

കാട്ടിയോരെൻ മാതാപിതാക്കൾ

ഈശ്വര ചിന്തതൻ വിത്തുകളെന്നുള്ളിൽ

പാകിയ മാതാപിതാക്കളെ നമിച്ചിടുന്നേൻ

ഇത്രമേൽ സൗഭാഗ്യം നൽകി എന്നെയീ

ഭൂമിയിലേക്കയച്ച മഹോന്നതനേ

പുകഴ്ത്തുന്നു ദൈവമേ നിൻ നാമം

നന്ദിയേകുന്നു നിൻ കാരുണ്യമോർത്തും.




**Blessy Joseph**

# ഭൂമിയിലെ സ്വർഗം



ഉമ്മറക്കോലായിൽ അച്ചെറ്റക്കുടിലിൻ മുമ്പിൽ

അമ്മതൻ മാറിനോട് ചേർന്നിരിക്കുന്നാകുട്ടി

അച്ഛന്റെ വരവിനായി കാത്തിരിക്കുമ്പോഴും

വിസ്മയം തുകിടിന്നു കൈകളിലെ പൊതിക്കായി

മണ്ണെണ്ണവിളക്കിന്റെ വെട്ടമുണ്ടതുമാത്രം

നിലാവുകൂടിയില്ല എന്നാലുമച്ഛനിങ്ങ് വന്നിടുമെനിക്കായ്

വാവേ നീ ഉറങ്ങിക്കോ തങ്കത്തെയുണർത്താം ഞാൻ

അച്ഛനിങ്ങെത്തിടുമ്പോളത്താഴം കഴിക്കാനായ്

വരുന്നു ഇരുട്ടിന്റെ നിറമതിൽ കുട്ടിതന്നച്ഛനിതാ

കൈകളിലൊരു പത്രപ്പൊതിയുമായ് കുടിലിലേക്ക്

ഓമന ഇറങ്ങിയോടി എന്നുചോദിച്ചോണ്ട് വാരി-

യെടുത്തു കൈകളിൽ ചേർത്തു മാറിലേക്ക്

കണ്ടത്തിൽ പണിതതിൻ ഗന്ധമേറ്റ് കണ്ണുകൾ

തിരുമ്മിയുറക്കമുണർന്ന് ഏകിയാമുത്തം താതന്റെ -നെറുകയിൽ

തളർന്ന വാവേ ക്ഷമിച്ചിടാ,അച്ഛൻ കൊണ്ടുവന്ന

**അത്താഴം കഴിക്കുവാൻ വാവയ്ക്കും അമ്മയ്ക്കുമായ്**

**കഴിച്ചു ഭക്ഷണമെന്ന നുണക്കഥ വിശ്വസിച്ചില്ല**

**അച്ഛനെക്കഴിപ്പിച്ചു അമ്മയും മകനും ചേർന്നു**

**അധ്വാനമേറിയാലും തന്നെ മറന്നു പോയിടിലും**

**മറക്കുകയില്ല അപ്പൻ തൻ കുടുംബത്തെ**

**വീടൊരു സ്വർഗ്ഗമാക്കാൻ കഴിഞ്ഞു**

**അമ്മതൻ പ്രാർത്ഥനയും അച്ഛന്റെ അധ്വാനവും**

**മകന്റെ കുസൃതികളും സ്വർഗ്ഗമാക്കി തീർത്തു**

**ആ ചെറുകുടുംബത്തെ തിരുക്കുടുംബംപോലെ.**

**-Rosmin Ann Mathew**



# ജീവിതം ഒരു വിസ്മയം




ആരു കണ്ടു എൻ ജീവിതം

ചുരുളഴിയാ രഹസ്യങ്ങൾ

ഒളിച്ചിരിക്കുമോ മഹാലോകം

അതെത്ര മോഹനം

ആരു കണ്ടു എൻ ജീവിതം

വേദനയും ദ്ദുഃഖവും

സന്തോഷവും പുഞ്ചിരിയും

ഒത്തുചേർന്നൊരു മഹാവിസ്മയ-

മാണിതെത്രരമ്യം!!

എൻ ഹൃദയമാം കഞ്ചുകമതിൽ

ഒളിച്ചിരിക്കുമെന്തൊരു കാവ്യവിസ്മയം

അർക്കുമതുവർണ്ണിക്കാൻ കഴിവില്ലാ-

മലർ വടികയാണെൻ ജീവിതം

ആരുമാരുമതുകണ്ടില്ല

കാണാൻ ഞാൻ അനുവദിച്ചതുമില്ല

കണ്ടാലോ കേട്ടാലോ വർണ്ണിക്കാ-

നാവില്ലത്,കാരണമതൊരു വിസ്മയമല്ലോ

ആ വിസ്മയത്തിൽ തുവലുകൾ

മലർപുഷ്പാഞ്ജലി വിടർത്തും

പുഷ്പത്തിൻ ഇതളുകളെൻ

മേനിയെ തൊട്ടുതഴുകീടും

ആ നിമിഷമെൻ ഹൃദയത്തിൽ

ഒരു കാവ്യാഞ്ജലി ഉയർന്നീടും

അത് വർണ്ണിക്കാൻ കഴിവില്ലെ

നിക്ക് കാരണമതൊരു വിസ്മയമല്ലോ

-Sherin Varghese

# നന്ദിപൂർവ്വം

ഈ മാഗസിൻ ചമച്ചൊരുക്കുന്നതിൽ കരങ്ങൾ

ചേർത്തുവച്ച എല്ലാ കൊച്ചു പ്രതിഭകൾക്കും നന്ദി.

നിർദ്ദേശങ്ങൾ തിരുത്തലുകൾ, ആശയങ്ങൾ

നൽകി സഹായിച്ച ഗുരുക്കന്മാർക്കും പ്രണാമം.

സഹൃദയരുടെ വായനക്കും, വിമർശനങ്ങൾക്കും,

മെച്ചപ്പെടുത്തലുകൾക്കുമുള്ള അവസരം ഈ

ചെറുസംരംഭം ഒരുക്കട്ടെ

